# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7446** — **17.07.2012-ൽ മറുപടിക്ക്**

## കൃഷിഫാമുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ.പി. ഉബൈദുള്ള<br>ശ്രീ.വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ.കെ. എൻ. എ. ഖാദർ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ കൃഷിഫാമുകളുടെ പ്രവർത്തനം നവീകരിക്കാനും, അവ നവീനകാർഷിക പ്രചരണ കേന്ദ്രങ്ങളാക്കി മാറ്റാനും ഉദ്ദേശിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ കൃഷിഫാമുകളുടെ പ്രവർത്തനം നവീകരിക്കാനും, അവ നവീനകാർഷിക പ്രചരണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം ഡിപ്പാർട്ട്മെന്റ് നേരിട്ട് 500 ലക്ഷം രൂപയുടെ പദ്ധതികൾ ഫാമുകളിൽ നടപ്പിലാക്കി വരുന്നു. കൂടാതെ ജില്ലാ പഞ്ചായത്തിനു കൈമാറ്റം ചെയ്യപ്പെട്ട ഫാമുകളുടെ വികസന പ്രവർത്തനങ്ങൾക്കായി ഫാമുകളുടെ വരുമാനം ഉപയോഗിച്ചുള്ള തനതു ഫണ്ടും ഉപയോഗിക്കുന്നു. |
| ബി) ഫാമുകളുടെ വാണിജ്യപരമായ പ്രവർത്തനം ലക്ഷ്യമിട്ട് എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ; | ബി) നടീൽ വസ്തുക്കളുടേയും വിത്തുകളുടേയും ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനായി പുതിയ തരം നടീൽ വസ്തുക്കൾ, കേരള കാർഷിക സർവ്വകലാശാല, വിവിധ ഗവേഷണ സ്ഥാപനങ്ങൾ, നാഷണൽ സീഡ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും വാങ്ങി ഫാമുകളിൽ ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്തു കർഷകർക്ക് മിതമായ നിരക്കിൽ നൽകി വരുന്നു. കൂടാതെ ഗുണമേൻമയുള്ള തെങ്ങിൻ തൈകളുടെ ഉൽപ്പാദനവും ഫാമുകളിലൂടെയാണ് നടപ്പിലാക്കുന്നത്. ഫാമിലെ ഉൽപ്പന്നങ്ങളെ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി കർഷകർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും വിപുലീകരണത്തിന്റെ പാതയിലാണ്. |

| | |
|---|---|
| സി) ഇതോടനുബന്ധിച്ച് വിത്തുല്പാദനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ? | സി) ഫാമുകളിൽ പോളിഹൗസ്, ഫെർട്ടിഗേഷൻ യൂണിറ്റ്, ടിഷ്യുകൾച്ചർ ഹാർഡനിംഗ് യൂണിറ്റ്, വിത്തു സംസ്കരണ കേന്ദ്രങ്ങൾ, വിത്തു ശേഖരിക്കുന്നതിനുള്ള സൗകര്യങ്ങൾ, പഴ സംസ്കരണ യൂണിറ്റുകൾ, വാണിജ്യാടിസ്ഥാനത്തിൽ പുഷ്പകൃഷി, ആധുനിക ശർക്കര നിർമ്മാണ യൂണിറ്റ്, പശു വളർത്തൽ, കൂൺ വിത്ത് ഉൽപ്പാദനം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. ഇതു കൂടാതെ ഫാമുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റേയും ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് ഫാമുകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഹൈടെക് കൃഷിയുടെ വിപുലീകരണത്തിനായി 9 പോളി ഹൗസുകൾ ഇക്കൊല്ലം താഴെ പറയുന്ന ഫാമുകളിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഏകദേശം 42 ലക്ഷം രൂപയാണ് ചെലവഴിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>1) എസ്.എസ്.എഫ്. കോഴ, കോട്ടയം.<br>2) എസ്.വി.എഫ്,വണ്ടിപ്പെരിയാർ, ഇടുക്കി<br>3) കരിമ്പ് വിത്തുൽപ്പാദന കേന്ദ്രം, പന്തളം, പത്തനംതിട്ട.<br>4) ജില്ലാ കൃഷിത്തോട്ടം, മാവേലിക്കര, ആലപ്പുഴ.<br>5) എസ്.എസ്.എഫ്., മണ്ണുത്തി, തൃശ്ശൂർ<br>6) എസ്.എസ്.എഫ്.,ആനക്കയം, മലപ്പുറം<br>7) സെൻട്രൽ ഓർച്ചാർഡ്,പട്ടാമ്പി, പാലക്കാട്<br>8) എസ്.എസ്.എഫ്., കണ്ണന്നൂർ.<br>9) ജില്ലാ കൃഷിത്തോട്ടം, തളിപ്പറമ്പ്. |

**സെക്ഷൻ ആഫീസർ**